പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2014-2016)

**ഏഴാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 18-ാം തീയതി സമർപ്പിച്ചത്)

(2015 ജനുവരി 1 മുതൽ ഡിസംബർ 31 വരെ
പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-2016)

ഏഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 18-ാം തീയതി സമർപ്പിച്ചത്)

**(2015 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)**

236/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| I. ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക | .. | 20 |
| II. സമിതി പരിഗണിക്കുകയും വിവിധ കാരണങ്ങളാൽ നിരസിക്കുകയും ചെയ്ത ഹർജികൾ സംബന്ധിച്ച പട്ടിക | .. | 23 |
| III. ഗവൺമെന്റിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീരുമാനമാകാത്ത ഹർജികളെ സംബന്ധിച്ച പട്ടിക | .. | 25 |
| IV. സ.ഉ.(സാധാ.)2876/12/തസ്വഭവ. തീയതി 16-10-2012 | .. | 50 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. എ. അസീസ്, എം.എൽ.എ.

ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.

ശ്രീ. വർക്കല കഹാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, എം.എൽ.എ.

ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.

ശ്രീ. കെ. രാജു, എം.എൽ.എ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# ആമുഖം

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ജനുവരി 1 മുതൽ 2015 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽവന്ന വിഷയങ്ങൾ വിശദമാക്കിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

വയോജനങ്ങൾ സമൂഹത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് നടത്തിയ പഠനങ്ങൾ, വയോജനങ്ങളുടെ ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തുന്നതിനുവേണ്ടി നടത്തിയ തെളിവെടുപ്പ് യോഗങ്ങൾ, ഇവയുടെ അടിസ്ഥാനത്തിൽ മുതിർന്ന പൗരൻമാരുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള സമിതിയുടെ വിലയിരുത്തലുകളും ശിപാർശകളും, മുതിർന്ന പൗരൻമാരിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും ലഭിച്ച ഹർജികളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016 ഫെബ്രുവരി 17-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

റ്റി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

1. ജനന-മരണങ്ങൾക്കിടയിൽ ഓരോ മനുഷ്യനും ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ നാല് ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. ഇതിൽ ആദ്യ മൂന്ന് ഘട്ടങ്ങളിലും ബന്ധുജനങ്ങളുടെ പൂർണ്ണമായ സംരക്ഷണവും സമൂഹത്തിന്റെ നിസ്വാർത്ഥമായ സഹകരണവും ലഭിക്കുന്ന മനുഷ്യന് തന്റെ രണ്ടാം ബാല്യമെന്ന് പറയാവുന്ന വാർദ്ധക്യകാലത്ത് ഇത്തരം സംരക്ഷണവും സഹകരണവും അപ്രാപ്യമാകുന്ന സാഹചര്യമാണ് ലോകത്താകമാനം നിലനിൽക്കുന്നത്. കേരളത്തിലെ നല്ലൊരു ശതമാനം വൃദ്ധജനങ്ങളും ഇതേ ദുർഘട സാഹചര്യത്തിൽ തന്നെയാണ് ജീവിക്കുന്നത്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന കേരളീയ സാമൂഹിക-കുടുംബ സംവിധാനങ്ങളും ആഗോളീകരണത്തിന്റെ സ്വാധീനവും കാർഷിക തൊഴിൽ മേഖലകളിലെ സമൂലമായ മാറ്റങ്ങളും കേരളം അന്തർദേശീയ സമൂഹത്തിന്റെ ഭാഗഭാക്കായതും മുതിർന്ന പൗരൻമാരുടെ അരക്ഷിതാവസ്ഥയ്ക്ക് ആക്കം കൂട്ടി. സംസ്ഥാനം നടപ്പാക്കിയ അദ്വിതീയമായ പൊതുജനാരോഗ്യ പദ്ധതികളുടെ ഫലമായി ആയുർദൈർഘ്യം വർദ്ധിച്ചത് സമൂഹത്തിലെ വൃദ്ധജനങ്ങളുടെ എണ്ണത്തിൽ വളരെ പെട്ടെന്ന് വർദ്ധനവ് ഉണ്ടാക്കി. അതേസമയം, ഇവരുടെ ഗുരുതരമായ ആരോഗ്യശോഷണവും സാമ്പത്തിക തകർച്ചയും സർവ്വോപരി, കുടുംബാംഗങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും സംരക്ഷണവും സഹകരണവും ലഭിക്കാത്തതും വൃദ്ധജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയിട്ടുണ്ട്. വിഭാര്യരും വിധവകളും സന്താനരഹിതരുമായ പല മുതിർന്ന പൗരൻമാരുടെയും വാർദ്ധക്യകാല ജീവിതം വിവരണാതീതമാംവിധം ദയനീയമാണ്.

2. മുതിർന്ന ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങൾക്ക് അടിയന്തര പ്രാധാന്യത്തോടെ പരിഹാരം കാണുന്നതിനായി ജനകീയ സർക്കാരുകൾ ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സംരക്ഷണം ആവശ്യമായ വയോജനങ്ങളെ അധിവസിപ്പിക്കുന്നതിനായി സർക്കാർ വൃദ്ധസദനങ്ങളും സർക്കാർ ഗ്രാന്റോടുകൂടി സ്വകാര്യ വ്യക്തികൾ നടത്തുന്ന വൃദ്ധസദനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. മുതിർന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും നൽകുന്നതിനായി ജില്ലാ-താലൂക്ക് ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകളും സാമ്പത്തിക പരിഗണന കൂടാതെയുള്ള സൗജന്യ ചികിത്സയും ഡയാലിസിസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരം സംവിധാനങ്ങൾ അതിവേഗം എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും പര്യാപ്തമാണെന്ന് പറയാൻ നിവൃത്തിയില്ല.

3. സാമൂഹ്യസുരക്ഷാ/ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടാതെ, മുതിർന്നവർക്കെതിരായ സാമ്പത്തിക ചൂഷണങ്ങളും കുടുംബപരമായ തിരസ്കാരങ്ങളും തടയുന്നതിന്റെ ഭാഗമായി, മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച ആക്ട്-2007, നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ 2009 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. ഇവയുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലാ ആസ്ഥാനത്തിലും മെയിന്റനൻസ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ബന്ധപ്പെട്ട ആർ.ഡി.ഒ.മാർക്ക് അതിന്റെ ചുമതല നൽകുകയും ചെയ്തു. സാമ്പത്തിക ചൂഷണവും കുടുംബാംഗങ്ങളിൽ നിന്നുള്ള തിരസ്കാരവും അനുഭവിക്കേണ്ടിവരുന്ന ഏതൊരു മുതിർന്ന പൗരനും ട്രിബ്യൂണലിനെ സമീപിച്ച് നീതിയും സംരക്ഷണവും ഉറപ്പാക്കാവുന്നതാണ്. സംസ്ഥാന വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാന കൗൺസിലും ജില്ലാ കൗൺസിലുകളും മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നിലവിൽവന്ന സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റികളും വിവിധ വകുപ്പുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വയോജനക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും നിരന്തരം നിരീക്ഷിക്കുകയും വിലയിരുത്തുകയും വയോജന ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാന/ജില്ലാ തലങ്ങളിൽ ഏകോപിപ്പിക്കുകയും സർക്കാർ പദ്ധതികളുടെ ഗുണം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. എന്നാൽ ഇവിടെയും, വർദ്ധിച്ചുകൊണ്ടിരിക്കുന്ന വൃദ്ധജനങ്ങളുടെ എണ്ണത്തിന് ആനുപാതികമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുന്നുണ്ടോയെന്ന് സംശയമാണ്.

4. പന്ത്രണ്ടാം കേരള നിയമസഭ 2010 ജൂലൈ 31-ന് മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിച്ചു. വയോജനങ്ങളുടെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് വിശകലനം നടത്തി, കാലഘട്ടത്തിനനുസരിച്ച് അവയിൽ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുന്നതിന് സമിതി നടപടികൾ സ്വീകരിക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി രൂപീകരിച്ച സംസ്ഥാന ജില്ലാ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തുകയും ഇവയെക്കുറിച്ച് ലഭിക്കുന്ന ആക്ഷേപങ്ങളും പരാതികളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന സമിതി സർക്കാർ/സ്വകാര്യ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വൃദ്ധസദനങ്ങളുടെ സേവന പ്രവർത്തനങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് പ്രശ്നപരിഹാരത്തിനുള്ള ശിപാർശകൾ നൽകുന്നു. പ്രസ്തുത വൃദ്ധസദനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും നേരിട്ട് പരിശോധിക്കുന്നതിനുമായി, കാലാകാലങ്ങളിൽ സമിതി അവ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അന്തേവാസികളുമായും ആശയവിനിമയം നടത്തുകയും

അവിടങ്ങളിലെ സേവനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ദീർഘകാല നടപടികൾ ആവശ്യമായിവരുന്ന വിഷയങ്ങൾ സംബന്ധിച്ച പരാതികൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുകൾ വഴി പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു.

5. 2015 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളിലെ വിഷയങ്ങളും അവയ്ക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ഇരുപത് പുതിയ ഹർജികൾ സമർപ്പിക്കപ്പെട്ടു. മുതിർന്ന പൗരന്മാർക്ക് ബന്ധുജനങ്ങളിൽനിന്നും ലഭിക്കുന്ന പീഡനങ്ങളും തിരസ്കാരങ്ങളും അവർക്ക് സമൂഹത്തിൽ നിന്നും ചില ഉദ്യോഗസ്ഥരിൽ നിന്നും അനുഭവിക്കേണ്ടിവരുന്ന ദുരനുഭവങ്ങളും ചില സ്വകാര്യ വൃദ്ധസദനങ്ങളുടെ ചൂഷണങ്ങളും പ്രസ്തുത ഹർജികളിലൂടെ സമിതിക്ക് ബോധ്യപ്പെട്ടു. ലഭിച്ച ഹർജികളിൽ തുടർനടപടി ആവശ്യമാണെന്ന് സമിതിക്ക് ബോധ്യമായവ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയയ്ക്കുകയും സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അധികവിവരങ്ങൾ ആരായുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തുവരുന്നു. കൂടാതെ മുതിർന്ന പൗരൻമാർക്കെതിരെയുണ്ടായ മനുഷ്യത്വരഹിത പ്രവൃത്തികളെ സംബന്ധിച്ച പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സമിതി വിഷയം സ്വമേധയാ ഹർജിയായി സ്വീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

6. മേൽപ്പറഞ്ഞ കാലയളവിൽ സമിതി 22 യോഗങ്ങൾ ചേർന്നു. വന്ദ്യവയോധികരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഇവർ സമർപ്പിക്കുന്ന ഹർജികളിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിൽപ്പോലും സർക്കാർ വകുപ്പുകൾ വളരെയധികം കാലതാമസം വരുത്തുന്നുണ്ട്. ഇതിന് പരിഹാരമായി സമിതി കാലാകാലങ്ങളിൽ തെളിവെടുപ്പ് യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഹർജി വിഷയങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദവിവരങ്ങൾ ആരായുകയും ചെയ്യുന്നു. ഇതുമൂലം ഹർജി വിഷയങ്ങളിന്മേൽ സത്വര നടപടി സ്വീകരിക്കപ്പെടുന്നു. ഇതിന്റെ ഭാഗമായി 21-1-2015-ന് റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും 30-9-2015-ന് ഉന്നതവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ആഭ്യന്തരം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സമിതി തെളിവെടുപ്പ് നടത്തി.

7. 13-5-2015-ന് ചേർന്ന യോഗം സമിതിയുടെ അഞ്ചാമത്തെയും ആറാമത്തെയും റിപ്പോർട്ടുകളുടെ കരടുകൾ ഭേദഗതികളോടെ അംഗീകരിച്ചു. പ്രസ്തുത റിപ്പോർട്ടുകൾ 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചു. ഇതിൽ അഞ്ചാമത് റിപ്പോർട്ട്

1-10-2013 മുതൽ 31-12-2014 വരെ സമിതി പരിഗണിച്ച് അന്തിമ തീരുമാനമായ ഫയലുകളെ സംബന്ധിച്ചുള്ളതും, ആറാമത് റിപ്പോർട്ട് 26-11-2014-ന് സമിതി കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും നടത്തിയ തെളിവെടുപ്പിന്റെയും സമിതി നൽകിയ നിർദ്ദേശങ്ങളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിലുള്ളതുമാണ്.

## സമിതിയുടെ വിലയിരുത്തലുകളും ശിപാർശകളും

8. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇന്ദിരാ ഗാന്ധി വാർദ്ധക്യകാല പെൻഷൻ പദ്ധതി വളരെയധികം മുതിർന്ന ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതിന് അപേക്ഷിക്കാനുള്ള വരുമാനപരിധി മൂന്ന് ലക്ഷം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി കുറച്ച നടപടി അംഗീകരിക്കാൻ സാധിക്കില്ലെന്ന് നിരീക്ഷിച്ചു. <u>പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ 60 വയസ്സ് മുതൽ 79 വയസ്സുവരെയുള്ളവർക്ക് നൽകിക്കൊണ്ടിരിക്കുന്ന 600 രൂപയും 80 വയസ്സിന് മുകളിലുള്ളവർക്ക് അനുവദിച്ചിട്ടുള്ള 1,200 രൂപയും ഇപ്പോഴത്തെ സാമൂഹിക-സാമ്പത്തിക സാഹചര്യത്തിൽ വളരെ പരിമിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u> മാത്രമല്ല പെൻഷൻ തുക ഗുണഭോക്താക്കൾക്ക് ഇപ്പോൾ ലഭിക്കുന്നത് ഗഡുക്കളായാണെന്നും ഇത് ദരിദ്രരും രോഗികളുമായ മുതിർന്ന പൗരൻമാർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി, <u>അർഹതപ്പെട്ട പെൻഷൻ തുക മാസതവണയായി തന്നെ നൽകണമെന്നും ഓരോ മാസത്തെയും തുക 10-ാം തീയതിക്കകം തന്നെ ലഭ്യമായി എന്ന് ഉറപ്പുവരുത്തണമെന്നും അവശരായ കിടപ്പ് രോഗികൾക്ക് തുക വീട്ടിൽ ലഭ്യമാക്കുന്ന കാര്യം സജീവമായി പരിഗണിക്കണമെന്നും ശിപാർശ ചെയ്യുന്നു. ഇതിൽ വീഴ്ചവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

9. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് 2013-ൽ സർക്കാർ മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന നയം പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത നയം നടപ്പിൽ വരുത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തി. മാത്രമല്ല <u>മുതിർന്ന പൗരൻമാർക്കുള്ള സംസ്ഥാന നയം-2013 നടപ്പിലാക്കി, അവശരും അശരണരുമായ ഒരു ജനസമൂഹത്തിന് പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

10. മുതിർന്ന പൗരന്മാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാ കൂലിയിൽ ഇളവ് അനുവദിക്കണമെന്ന് പലതവണ ശിപാർശ ചെയ്തുവെങ്കിലും സാമ്പത്തിക

പ്രതിസന്ധിയുടെയും മറ്റും കാരണം പറഞ്ഞ് സമിതിയുടെ ശിപാർശകൾ ബന്ധപ്പെട്ട വകുപ്പ് നിരാകരിക്കുന്നതായി സമിതി നിരീക്ഷിച്ചു. എന്നാൽ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായും പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്ന ഘട്ടങ്ങളിൽ സർക്കാർ കെ.എസ്.ആർ.ടി.സി.യെ സഹായിക്കുന്ന പതിവ് നിലവിലുണ്ട്. തുടർച്ചയായി രോഗങ്ങൾ ബാധിക്കുന്ന ഒരു വിഭാഗമെന്ന നിലയിൽ ചികിത്സയ്ക്കായും മറ്റും മുതിർന്ന പൗരൻമാർക്ക് ധാരാളം യാത്രകൾ വേണ്ടിവരുമെന്നതിനാൽ മുതിർന്ന പൗരൻമാരുടെ യാത്രാ ചെലവിൽ 50% ഇളവ് അനുവദിക്കണമെന്നും ഇളവായി അനുവദിക്കുന്ന തുക മറ്റ് മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുന്നതിനായി കെ.എസ്.ആർ.ടി.സി. ശ്രമിക്കണമെന്നും അതുമല്ലെങ്കിൽ പ്രസ്തുത തുക സർക്കാർ ഗ്രാന്റായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. മുതിർന്ന പൗരന്മാർക്ക് ഒരുമിച്ചുകൂടി വിശ്രമിക്കുന്നതിനും മറ്റുമായി പകൽവീടുകളും വിശ്രമ കേന്ദ്രങ്ങളും പഞ്ചായത്തുകൾ തോറും നിർമ്മിച്ചുവരുന്നു. എന്നാൽ ഇക്കാര്യത്തിൽ പല പഞ്ചായത്തുകളും അനാസ്ഥ കാട്ടുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, പണി പൂർത്തീകരിച്ച ചില പകൽവീടുകളും വിശ്രമകേന്ദ്രങ്ങളും അടിസ്ഥാന സൗകര്യം ഒരുക്കി മുതിർന്ന പൗരൻമാർക്ക് ഉപയോഗിക്കുന്നതിനായി തുറന്ന് കൊടുക്കുന്നതിൽ കാലതാമസം വരുത്തുന്നതായും സമിതി മനസ്സിലാക്കുന്നു. അതിനാൽ എല്ലാ പഞ്ചായത്തുകളും അനുവദനീയമായ പ്ലാൻ ഫണ്ട് വിനിയോഗിച്ച് മുതിർന്ന പൗരൻമാർക്കായുള്ള വിശ്രമ കേന്ദ്രങ്ങളും പകൽവീടുകളും നിർമ്മിക്കണമെന്നും നിർമ്മാണം പൂർത്തിയായാലുടൻതന്നെ അടിസ്ഥാന സൗകര്യമൊരുക്കി പ്രസ്തുത സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നതിനായി തുറന്ന് കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കഴിഞ്ഞ 3 വർഷങ്ങളിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവാക്കാത്ത പഞ്ചായത്തുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

12. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം-2007-ന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന മെയിന്റനൻസ് ട്രിബ്യൂണലുകൾ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരികയും മുതിർന്ന പൗരൻമാർ അഭിമുഖീകരിക്കേണ്ടിവരുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരവും നീതിയും തേടിയെത്തുന്നവർക്ക് ആശ്വാസമാവുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം ട്രിബ്യൂണലുകൾ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രം പ്രവർത്തിച്ചുവരുന്നതിനാൽ വിദൂര സ്ഥലങ്ങളിലുള്ള അപേക്ഷകർക്ക് സാമ്പത്തിക-ആരോഗ്യ പരിമിതികൾ കാരണം, അപേക്ഷകൾ സമർപ്പിക്കുന്നതിനും വിചാരണ വേളകളിലും ട്രിബ്യൂണലുകളിൽ എത്തിച്ചേരുന്നതിനും പ്രയാസം നേരിടുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ട്രിബ്യൂണൽ നടത്തുന്ന ആകെ സിറ്റിംഗുകളിൽ മൂന്നിലൊന്ന് സിറ്റിംഗുകളെങ്കിലും ബന്ധപ്പെട്ട ജില്ലയിലെ താലൂക്ക്/ ബ്ലോക്ക് ആസ്ഥാനങ്ങളിൽ വച്ച് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. മുതിർന്ന പൗരൻമാർ സമർപ്പിക്കുന്ന അപേക്ഷകളിൽ വിചാരണ നടത്തി മെയിന്റനൻസ് ട്രിബ്യൂണലുകൾ അനുകൂലവിധി പുറപ്പെടുവിക്കുന്ന സന്ദർഭങ്ങളിൽ എതിർകക്ഷികൾ മേൽ കോടതികളിൽ അപ്പീലുകൾ നൽകി അനുകൂല വിധിക്കെതിരെ ഉത്തരവുകളും സ്റ്റേകളും നേടാറുണ്ട്. ദീർഘകാലം നീണ്ടുനിൽക്കുന്ന ഇത്തരം നിയമ പോരാട്ടത്തിൽ, സാമ്പത്തികമായും ശാരീരികമായും അവശത അനുഭവിക്കുന്ന മുതിർന്ന പൗരൻമാർക്ക് തുടർനടപടി സ്വീകരിക്കാൻ സാധിക്കാതെവരുന്നു. അതിനാൽ ഇത്തരം സാഹചര്യത്തിൽ മുതിർന്ന പൗരൻമാർക്ക് നിയമസഹായം നൽകുന്നതിനും പ്രഗൽഭരായ അഡ്വക്കേറ്റുമാരുടെ സേവനം ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും ട്രിബ്യൂണലുകളിലും മേൽ കോടതികളിലുമെത്തുന്ന ഇത്തരം കേസുകളിൽ വളരെ വേഗം അന്തിമവിധിയുണ്ടാകുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ പ്രത്യേകം നടപടികൾ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിനായി ബന്ധപ്പെട്ട വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, ഏതാനും ചില ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ സ്ഥാപിച്ചതു കൊണ്ടുമാത്രം എണ്ണം വർദ്ധിച്ചുവരുന്ന വൃദ്ധജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുകയില്ലെന്ന് നിരീക്ഷിക്കുകയും സംസ്ഥാനത്തെ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും ഇത്തരം വാർഡുകൾ സജ്ജീകരിക്കണമെന്നും ജെറിയാട്രിക് ചികിത്സയിൽ പ്രത്യേക പരിശീലനം നേടിയ ചികിത്സകരെയും നഴ്സുമാരെയും പ്രസ്തുത വാർഡുകളിൽ നിയമിക്കണമെന്നും ശിപാർശ ചെയ്യുന്നു.

15. കാൻസർ, ഹൃദ്രോഗം, കരൾരോഗം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ച പല രോഗികൾക്കും അടിയന്തര ചികിത്സ ലഭിക്കുന്നതിനായും വിദഗ്ദ്ധരായ വിവിധ ഡോക്ടർമാരുടെ ചികിത്സയ്ക്ക് വേണ്ടിയും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സന്ദർഭം ഉണ്ടാകാറുണ്ട്. ഇത്തരം ആശുപത്രികളിൽ ചികിത്സ തേടുന്ന മുതിർന്ന പൗരന്മാരായ പല രോഗികൾക്കും അവിടങ്ങളിലെ അതിഭീമമായ ചികിത്സാ ചെലവ് വഹിക്കാൻ സാധിക്കുകയില്ല. എന്നാൽ സ്വകാര്യ ആശുപത്രികളിൽ നിന്നും മുതിർന്ന പൗരന്മാരായ രോഗികൾക്ക് ഏതെങ്കിലും തരത്തിലുള്ള ചികിത്സാ സൗജന്യം നേടിക്കൊടുക്കാൻ സർക്കാർ നിയമങ്ങൾ നിലവിലില്ല. അതിനാൽ മാരക രോഗങ്ങൾക്ക് അടിമപ്പെട്ട് സ്വകാര്യ ആശുപത്രികളിലും ഇതര സ്ഥാപനങ്ങളിലും ചികിത്സ തേടുന്നവർക്കും ഓപ്പറേഷന് വിധേയരാകുന്നവർക്കും അവ പൂർണ്ണമായും സൗജന്യമാക്കുന്നതിന് പര്യാപ്തമാകുന്ന തരത്തിൽ ഒരു സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാരക രോഗങ്ങൾ ഉൾപ്പെടെ എല്ലാവിധ രോഗങ്ങൾക്കുള്ള ചികിത്സയും വിവിധ തരത്തിലുള്ള ലാബ്/സ്കാൻ പരിശോധനകളും ഓപ്പറേഷനും മുതിർന്ന പൗരൻമാർക്ക് പൂർണ്ണമായും സൗജന്യമായി സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. മുതിർന്ന പൗരൻമാർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന ഗുരുതരമായ ഒരു ആരോഗ്യ പ്രശ്നമാണ് വൃക്ക സംബന്ധമായ തകരാറുകൾ. ഗുരുതരമായ വൃക്കരോഗ ബാധിതർക്ക് ആഴ്ചയിൽ ഒന്നിലധികം തവണ ഡയാലിസിസ് ചെയ്യേണ്ടത് അത്യാവശ്യമാണ്. സർക്കാർ മേഖലയിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റുകൾ ഉള്ളത്. അവ തന്നെ എമർജൻസി ഡയാലിസിസിനാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ മുതിർന്നവരായ വൃക്കരോഗികൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുതിർന്ന ജനവിഭാഗങ്ങൾക്ക് ആഴ്ചതോറും ഡയാലിസിസ് ചെയ്യുന്നതിന് സാധിക്കുകയില്ല. അതിനാൽ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇവിടങ്ങളിൽ നിന്നും ഡയാലിസിസ് ആവശ്യമായി വരുന്നവരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, മുതിർന്ന പൗരൻമാരായ രോഗികൾക്ക് മുൻഗണന നൽകി സൗജന്യമായും എ.പി.എൽ. വിഭാഗത്തിലുള്ള രോഗികളിൽ നിന്നും സർക്കാർ നിരക്കിൽ നിന്നും പകുതി തുകയും ഈടാക്കിക്കൊണ്ട് ഡയാലിസിസ് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. സർക്കാർ ആയുർവ്വേദ ആശുപത്രികളിലും ജെറിയാട്രിക് വാർഡുകൾ സ്ഥാപിക്കണമെന്നും ഇവിടങ്ങളിലെ ചികിത്സ എല്ലാ മുതിർന്ന പൗരൻമാർക്കും പൂർണ്ണമായും സൗജന്യമായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് വിവിധ പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുകയും ഇ-പട്ട ബുക്കുകൾ സൂക്ഷിക്കുകയും പോലീസ് സ്റ്റേഷൻ അതിർത്തിയിലെ മുതിർന്നവരുടെ പട്ടിക സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം സംവിധാനങ്ങൾ വളരെ കുറച്ച് പോലീസ് സ്റ്റേഷനുകളിൽ മാത്രമാണ് ഒരുക്കിയിട്ടുള്ളത്. അതിനാൽ ഉയർന്നു കൊണ്ടിരിക്കുന്ന വൃദ്ധജനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്കുകൾ ഉണ്ടാകണമെന്നും ഇ-പട്ട ബുക്കുകളും ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ പരിധിയിലെ മുതിർന്ന പൗരൻമാരുടെ പട്ടികയും കാലാകാലങ്ങളിൽ പുതുക്കി തയ്യാറാക്കി സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരുടെ കുറവ് കാരണമാകരുതെന്നും ആവശ്യമായ ഉദ്യോഗസ്ഥരെ ലഭിക്കുന്നില്ലെങ്കിൽ ഇക്കാര്യങ്ങൾക്കായി പകരം സംവിധാനമുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. മുതിർന്ന പൗരൻമാരുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന മറ്റൊരു രോഗമാണ് കാൻസർ. പ്രസ്തുത രോഗം ബാധിച്ച മുതിർന്ന പൗരൻമാരുടെ

സാമ്പത്തികാവസ്ഥ ചികിത്സയെ തുടർന്ന് തകരുകയും തുടർ ചികിത്സയ്ക്കും മറ്റ് ചെലവുകൾക്കും സാധിക്കാതെ വരികയും ചെയ്യാറുണ്ട്. അതിനാൽ കാൻസർ രോഗം ബാധിച്ച മുതിർന്ന പൗരൻമാർക്ക് മറ്റുള്ള സാമൂഹ്യസുരക്ഷാ പെൻഷനോടൊപ്പം ഒരു അധിക പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. സംസ്ഥാനത്തെ ഭവനരഹിതരായ ജനങ്ങൾക്ക് കിടപ്പാടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പരമാവധി 2,50,000 (രണ്ട് ലക്ഷത്തി അൻപതിനായിരം) രൂപയാണ് ഇപ്പോൾ അനുവദിച്ചുവരുന്നത്. നിർമ്മാണസാമഗ്രികളുടെ വിലവർദ്ധനയും തൊഴിലാളികളുടെ കൂലിവർദ്ധനയും കണക്കിലെടുത്ത് ഈ തുക കാലോചിതമായി ഉയർത്തണമെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോഴും തുക അനുവദിക്കുമ്പോഴും മുതിർന്ന പൗരൻമാർക്ക് മുൻഗണന നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാനത്താകമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ സ്വന്തമായി വസ്തു ഇല്ലാത്തതിനാൽ ഭവനനിർമ്മാണ സഹായം ലഭിക്കാതെയും എന്നാൽ ഭവനരഹിതരായും ജീവിക്കുന്ന ധാരാളം മുതിർന്ന പൗരൻമാരുടെ കുടുംബങ്ങൾ ബി.പി.എൽ. വിഭാഗത്തിൽ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ഇവർക്ക് ഭവനം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

22. സമിതിക്ക് ലഭിക്കുന്ന ഹർജികളിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വിവിധ സർക്കാർ വകുപ്പുകൾ അകാരണമായ കാലതാമസം വരുത്തുന്നതായും ന്യായീകരിക്കാനാകാത്ത അനാസ്ഥ കാട്ടുന്നതായും സമിതി മനസ്സിലാക്കുന്നു. മറ്റുള്ള ഹർജിക്കാരിൽ നിന്നും വ്യത്യസ്തമായി സമിതിക്ക് ആവലാതികൾ ബോധിപ്പിച്ചുകൊണ്ട് ഹർജികൾ സമർപ്പിക്കുന്നത് 60 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്നവരും രോഗികളും നിരാലംബരുമായ വ്യക്തികളാണ്. പ്രസ്തുത ഹർജികളിൻമേൽ തുടർ നടപടി സ്വീകരിച്ച് രണ്ട് മാസത്തിനുള്ളിൽ സർക്കാർ റിപ്പോർട്ട് ലഭ്യമാക്കണമെന്ന വ്യവസ്ഥ നിലവിലിരിക്കെ അത് പാലിക്കാതെ മൂന്നുമുതൽ അഞ്ചുവർഷം വരെ കാലതാമസമുണ്ടാക്കുന്നതിലൂടെ, ഹർജി സമർപ്പിച്ച് നീതിക്കും ആനുകൂല്യത്തിനും വേണ്ടി കാത്തിരിക്കുന്ന പ്രസ്തുത ജനവിഭാഗങ്ങൾക്ക് അവ ലഭിക്കാത്ത സാഹചര്യമാണ് സംജാതമാകുന്നത്. കാരണം, ഇത്തരത്തിൽ വളരെ താമസിച്ച് റിപ്പോർട്ട് ലഭിക്കുമ്പോഴേക്കും പല ഹർജിക്കാരും മരണപ്പെട്ട് കഴിഞ്ഞിരിക്കും.

23. ഇത്തരത്തിൽ ഒരു അനുഭവമാണ് ശ്രീ. മോഹനൻ, കൊല്ലം എന്ന ഹർജിക്കാരനുണ്ടായത്. സി.ഐ.ടി.യു. യൂണിയനിൽ നേമം ബ്രാഞ്ചിലെ പാപ്പനംകോട് സെക്ഷനിൽ യൂണിയൻ തുടങ്ങിയ കാലം മുതൽ ഉദ്ദേശം 20 വർഷത്തോളം ജോലി ചെയ്തിരുന്ന ഹർജിക്കാരന് 1990-ൽ ലേബർ കാർഡ് ലഭിച്ചെന്നും കാർഡ് ലഭിച്ച ശേഷം മൂന്ന് വർഷം ജോലി ചെയ്തുവെന്നും തുടർന്ന് ഗുരുതരമായി പരിക്കേറ്റ് കിടപ്പായതിനാൽ പുതിയ കാർഡ് വാങ്ങുവാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലെന്നും വിശദീകരിച്ച് കൊല്ലം സർക്കാർ വൃദ്ധസദനത്തിലെ അന്തേവാസിയായ ഹർജിക്കാരൻ സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി 4-5-2011-ന് തൊഴിലും പുനരധിവാസവും വകുപ്പിന് അയച്ചു. തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും 16-9-2011 തീയതിയായി ലഭിച്ച കത്തിൽ ഹർജിക്കാരൻ ഏതു തരം തൊഴിൽ ചെയ്യുന്ന ആളാണെന്നോ ഏതെങ്കിലും തൊഴിലാളി ക്ഷേമനിധിയിൽ അംഗമാണെന്നോ ഉള്ള വിവരം വ്യക്തമായെങ്കിൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളു വെന്നറിയിച്ചു. തുടർന്ന് കൊല്ലം സർക്കാർ വൃദ്ധസദനത്തിലേക്ക് പ്രസ്തുത വിവരമറിയിച്ച് 3-10-2011-ന് കത്തയയ്ക്കുകയും പ്രസ്തുത വൃദ്ധസദനത്തിൽ നിന്നും 11-12-2012 തീയതിയായി ലഭിച്ച മറുപടിയിൽ, തിരുവനന്തപുരം ജനറൽ ആശുപത്രി 9-ാം വാർഡിൽ രോഗം ഭേദമായിട്ടും ആരും സ്വീകരിക്കാനില്ലാതെ കൊല്ലം സർക്കാർ വൃദ്ധ മന്ദിരത്തിലേക്ക് സ്ഥലം മാറ്റിയ 11 പേരിൽ ഒരാളാണ് അവിവാഹിതനും അരയ്ക്ക് താഴെ ചലനശേഷി യില്ലാത്തയാളുമായ ശ്രീ. മോഹനനെന്നും 15-1-2009-ൽ വൃദ്ധസദനത്തിൽ പ്രവേശിപ്പിച്ച ഹർജിക്കാരന് നിരന്തര പരിചരണവും ചികിത്സയും ആവശ്യമായി വന്നതിനാൽ 21-10-2011-ൽ തിരികെ ജനറൽ ഹോസ്പിറ്റൽ 9-ാം വാർഡിൽ പ്രവേശിപ്പിച്ചെന്നും സമിതി ആവശ്യപ്പെട്ട വിശദാംശം ലഭിക്കുന്നതിനായി തിരുവനന്തപുരം ജനറലാശുപത്രി സൂപ്രണ്ടിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും തുടർനടപടിക്കായി തിരുവനന്തപുരം ജനറലാശുപത്രി സൂപ്രണ്ടിനെ ബന്ധപ്പെടണമെന്നും അറിയിച്ചിരുന്നു. 10-1-2013-ന് ഹർജി വിഷയം പരിഗണിച്ച സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചതനുസരിച്ച് ടി വകുപ്പിലേക്ക് 22-1-2013-ന് കത്ത് അയച്ചു. ഒരു മറുപടിയും ലഭിക്കാത്തതിനാൽ സമിതി പ്രസ്തുത ഹർജി വിഷയത്തിൻമേൽ ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 30-9-2015-ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. രണ്ടുവർഷമായിട്ടും റിപ്പോർട്ട് ലഭിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. അതിനെ തുടർന്നാണ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും 31-10-2015-ന് ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കിയത്.

24. പ്രസ്തുത റിപ്പോർട്ടിൽ പറയുന്നത് ശ്രീ. മോഹനൻ, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിൽസ തേടിയതിന്റെ വിശദാംശങ്ങൾ അപേക്ഷയിൽ നിന്നും വ്യക്തമല്ല എന്നാണ്. അതേ സമയം ഹർജിക്കാരനുമായി ബന്ധപ്പെട്ട എല്ലാ രേഖകളും

ആശുപത്രി സൂപ്രണ്ടിന് ലഭ്യമാക്കിയിട്ടുണ്ട് എന്ന് കൊല്ലം സർക്കാർ വൃദ്ധസദനം സൂപ്രണ്ട് 11-12-2012-ന് തന്നെ റിപ്പോർട്ട് ചെയ്തിരുന്നതുമാണ്. എന്തായാലും ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് തന്നെ ഹർജിക്കാരൻ കൊല്ലം ജില്ലാ ആശുപത്രിയിൽ വച്ച് മരണപ്പെട്ടു എന്ന വിവരം 27-8-2015-ലെ പത്ര റിപ്പോർട്ടിലൂടെ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത മരണവിവരം സംബന്ധിച്ച് 31-10-2015-ന് ലഭിച്ച സർക്കാർ റിപ്പോർട്ടിൽ യാതൊരു പരാമർശവും ഉണ്ടായിരുന്നില്ല.

25. മുതിർന്ന പൗരൻമാർ സമർപ്പിക്കുന്ന ഹർജികളിൻമേൽ അടിയന്തര പ്രാധാന്യത്തോടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും വളരെയധികം കാലതാമസം വരുത്തുന്നതിലും അംഗീകരിക്കാനാകാത്ത അനാസ്ഥ കാട്ടുന്നതിലും കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി ഇക്കാര്യം എല്ലാ വകുപ്പുകളും ശ്രദ്ധിക്കണമെന്നും ഓരോ ഹർജിയിൻമേലുമുള്ള റിപ്പോർട്ട് കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

26. ഇതുപോലെ തന്നെയാണ് കൊല്ലം ജില്ലാ ആയുർവേദ സഹകരണ സംഘത്തിൽ നിന്നും വിരമിച്ച ഒരു കൂട്ടം ജീവനക്കാർ സമിതിക്ക് സമർപ്പിച്ച ഹർജിയിൻമേലുള്ള തുടർനടപടികളും (ഫയൽ നമ്പർ 12973/സി. ഡബ്ല്യു.എസ്.സി1/ 2011/നി.സെ.) പ്രസ്തുത ജീവനക്കാർക്ക് ബാങ്ക് മുഖേന ലഭിച്ചുകൊണ്ടിരുന്ന ഇ.പി.എഫ്. പെൻഷൻ അധികാരികൾ 2008 നവംബർ മാസത്തിൽ നിർത്തലാക്കുകയും വാങ്ങിയ പെൻഷൻ, പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ലഭിച്ചുകൊണ്ടിരുന്ന തുച്ഛമായ വരുമാനം നഷ്ടപ്പെട്ടതോടുകൂടി നിത്യവൃത്തിക്ക് നിവൃത്തിയില്ലാതായ മുതിർന്ന പൗരൻമാർ സമിതിക്ക് ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജിയിൻമേൽ തൊഴിലും നൈപുണ്യവും വകുപ്പ് 27-7-2012 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ, സംസ്ഥാനത്ത് നടപ്പാക്കിയ സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘമുൾപ്പെടെ, എല്ലാ പ്രൈമറി സഹകരണസംഘങ്ങളെയും ഉൾപ്പെടുത്തിയെന്നും അതിനാൽ പ്രസ്തുത സംഘത്തെ 1995-ലെ എംപ്ലോയീസ് പെൻഷൻ സ്കീമിൽ നിന്നും ഒഴിവാക്കിയെന്നും അതുകൊണ്ട് തന്നെ പെൻഷൻ ഉൾപ്പെടെ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇതിനെതിരെ പരാതിക്കാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി 7-2-2012-ന് തള്ളിയെന്നും സമിതിയെ അറിയിച്ചു. മേൽ സഹകരണസംഘം സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ഇതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്ന് സംഘം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സമിതിക്ക് ലഭിച്ച റിപ്പോർട്ടിൽ തുടർന്ന് പറയുന്നു.

27. പ്രസ്തുത റിപ്പോർട്ട് 19-9-2012-ന് പരിഗണിച്ച സമിതി സംഘത്തിൽ നിന്നും വിരമിച്ച ജീവനക്കാരെ കേരള സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ജീവനക്കാർ കൈപ്പറ്റിയ തുക ഗഡുക്കളായി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തു. സമിതി ശിപാർശയിൻമേൽ 15-6-2015 തീയതിയായി തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ, കൊല്ലം ജില്ലാ ആയുർവേദ സഹകരണസംഘം ഒരു വ്യാവസായിക സംഘമായതിനാൽ അതിനെ 1995-ലെ എംപ്ലോയീസ് പെൻഷൻ സ്കീമിൽ നിലനിർത്തിയിട്ടുണ്ടെന്നും പരാതിക്കാർക്ക് പ്രതിമാസ പെൻഷന് അർഹതയുണ്ടെന്നും മുമ്പ് കൈപ്പറ്റിയ തുക തിരിച്ചടയ്ക്കേണ്ടതില്ലെന്നും സമിതിയെ അറിയിച്ചിരുന്നു.

28. ഹർജിയും അതിൻമേൽ ലഭിച്ച റിപ്പോർട്ടുകളും അപഗ്രഥിച്ച സമിതി, ഒരു കൂട്ടം തൊഴിലാളികൾ നിയമപരമായി കൈപ്പറ്റികൊണ്ടിരുന്ന പെൻഷൻ 2008 നവംബറിൽ നിർത്തലാക്കുകയും കൈപ്പറ്റിയ തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടതും ഈ നിയമവിരുദ്ധ നടപടിയെ ന്യായീകരിച്ചുകൊണ്ട് തികച്ചും നിരുത്തരവാദപരമായ റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് സമിതിക്ക് സമർപ്പിച്ചതും അംഗീകരിക്കാനാകില്ലെന്ന് അഭിപ്രായപ്പെട്ടു. മാത്രമല്ല, 2008-ൽ നിയമവിരുദ്ധമായി നിർത്തലാക്കിയ പെൻഷൻ പുനഃസ്ഥാപിക്കുന്ന തിനും ഇതു സംബന്ധിച്ച ശരിയായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതിനും ഹർജി ലഭിച്ചതുമുതൽ ഏകദേശം അഞ്ച് വർഷം കാലതാമസം വരുത്തിയതും സമിതി അതീവ ഗൗരവത്തോടെ കാണുന്നു. <u>അതിനാൽ വിവിധ ഹർജികളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സമിതിക്ക് റിപ്പോർട്ടുകൾ ലഭ്യമാക്കുമ്പോൾ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും നിയമവിരുദ്ധ/ക്രമവിരുദ്ധ നടപടികൾ ഉണ്ടാകാതിരിക്കുന്നതിനും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ശ്രമമുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

29. പഞ്ചായത്ത് വകുപ്പിൽ ചട്ടം ഭേദഗതി ചെയ്ത് ഫ്രണ്ട് ഓഫീസ് സമയം 10 മണി മുതൽ 5 മണി വരെ പ്രാബല്യത്തിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ജി. ശശിധരൻ സമർപ്പിച്ച ഹർജിയിൻമേൽ (ഫയൽ നമ്പർ 16160/സി.ഡബ്ല്യു.എസ്.സി1/2012/നി.സെ.) 16-10-2012-ലെ സർക്കാർ ഉത്തരവിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് അനുകൂല നടപടി സ്വീകരിച്ചുവെങ്കിലും (അനുബന്ധം IV) 15-10-2014-ന് സമിതി പ്രസ്തുത വകുപ്പിൽ നിന്നും തെളിവെടുത്ത വേളയിൽ, ഹർജിയിലെ ആവശ്യത്തിൻമേൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചത്. ഒരു പൊതു പ്രശ്നത്തിൻമേൽ സമിതിക്ക് ലഭിച്ച ഹർജിയിൻമേൽ 16-10-2012-ന് നടപടി സ്വീകരിക്കുകയും കൃത്യം രണ്ട് വർഷം കഴിഞ്ഞ് നടത്തിയ തെളിവെടുപ്പിൽ, ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് വകുപ്പ് സെക്രട്ടറി തന്നെ സമിതിയെ

അറിയിക്കുകയും ചെയ്തത് കടുത്ത അലംഭാവമായി വിലയിരുത്തിയ സമിതി ഹർജികളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് കാലവിളംബം കൂടാതെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

## ഗവൺമെന്റിൽ നിന്നും അനുകൂല മറുപടി ലഭിച്ച ഹർജികളിൽ ചിലത് സംബന്ധിച്ച വിവരം

### I. ആഭ്യന്തര വകുപ്പ്

1. 70 വയസ്സുള്ള രോഗിയായ ഹർജിക്കാരനെ പണം നൽകാനുള്ള വ്യക്തിയുടെ മകൻ ദേഹോപദ്രവം ചെയ്തത് സംബന്ധിച്ച് പോലീസിൽ പരാതി നൽകിയെങ്കിലും നടപടി സ്വീകരിച്ചില്ലെന്ന് പരാതിപ്പെട്ട് ശ്രീ. ഒ. സി. ഐസക്, സുൽത്താൻ ബത്തേരി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11748/സി.ഡബ്ല്യു.എസ്.സി1/11/നി.സെ.)

70 വയസ്സുള്ള ഹർജിക്കാരനെ ടിയാന് പണം നൽകാനുള്ള ആളിന്റെ മകൻ പിടിച്ചുതള്ളുകയും അടിക്കുകയും റോഡിൽ മറിച്ചിടുകയും ചെയ്തതിനാൽ കാലിനും തലയ്ക്കും പരിക്ക് പറ്റിയെന്നും 4 ദിവസം ബത്തേരി ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റായിയെന്നും തന്റെ നേർക്കുള്ള ആക്രമണത്തിനെതിരെ ചികിത്സിച്ച ഡോക്ടറും ടിയാനും പരാതിപ്പെട്ടെങ്കിലും പോലീസിന്റെ ഭാഗത്തുനിന്നും യാതൊരുവിധ നടപടിയും ഉണ്ടായില്ലെന്നും പോലീസിന്റെ ഈ അനാസ്ഥയെക്കുറിച്ച് അന്വേഷിക്കണമെന്നും അപേക്ഷിച്ചിരുന്നു. പ്രസ്തുത ഹർജിയിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീ. ഒ. സി. ഐസക് ഓലിക്കമാലി സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി ജില്ലാ പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം എതിർകക്ഷിയുടെ അച്ഛൻ പരാതിക്കാരന് കൊടുക്കാനുള്ള പണം ഘട്ടംഘട്ടമായി എതിർകക്ഷി തിരികെ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട് എന്നും ആയതിനാൽ പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ല എന്നും റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു."

ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിഗണിച്ച സമിതി എതിർകക്ഷിയുടെ മകൻ ഹർജിക്കാരനെ ആക്രമിച്ചതിനെ തുടർന്ന് പരിക്ക് പറ്റിയത് സംബന്ധിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ആഭ്യന്തര വകുപ്പിനോടാവശ്യപ്പെടുവാൻ നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"പ്രസ്തുത നിർദ്ദേശത്തിന്മേൽ നടത്തിയ അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ സംഭവം ഒത്തുതീർപ്പാക്കിയതായും എതിർകക്ഷിയിൽ നിന്നും പണം തിരികെ ലഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ പരാതിയിന്മേൽ മറ്റ് നിയമ നടപടികൾ ആവശ്യമില്ലായെന്ന് ഹർജിക്കാരൻ അറിയിച്ചിട്ടുള്ളതായും ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും വയനാട് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് നൽകിയിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു".

(2) ചെറുമകന്റെ ഉപദ്രവത്തിൽ നിന്നും സംരക്ഷണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. കൃഷ്ണൻ, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20524/സി.ഡബ്ല്യു.എസ്.സി1/13/നി.സെ.)

ശ്രീ. എൻ. കൃഷ്ണൻ എന്ന 81 വയസ്സുള്ള ഹർജിക്കാരനെയും ഭാര്യയെയും ചെറുമകൻ, ടിയാൻ ആവശ്യപ്പെടുന്ന പണം നൽകാത്ത കാരണത്താൽ സ്ഥിരമായി മർദ്ദിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുവെന്നും ടിയാനെ 6 മാസം പ്രായമുള്ളപ്പോൾ അമ്മ ഉപേക്ഷിച്ചതിനെ തുടർന്ന് 15 വയസ്സുവരെ ഹർജിക്കാരനാണ് വളർത്തിയതെന്നും ടിയാനെതിരെ 4 തവണ പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് ഒരുതവണ പോലീസ് കസ്റ്റഡിയിലെടുത്തുവെന്നും പോലീസിൽ പരാതി നൽകിയതിനും ടിയാൻ ഹർജിക്കാരനെയും ഭാര്യയെയും മർദ്ദിച്ചുവെന്നും ആയതിനാൽ ചെറുമകന്റെ ഉപദ്രവത്തിൽ നിന്നും ഹർജിക്കാരനും ഭാര്യയ്ക്കും സംരക്ഷണം ലഭ്യമാക്കണമെന്നതുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"വിഷ്ണു പരാതിക്കാരനെയും ഭാര്യയെയും പണം ആവശ്യപ്പെട്ടു പീഡിപ്പിക്കുന്ന എന്ന കാര്യത്തിന് പലപ്രാവശ്യം കുമിളി പോലീസ് സ്റ്റേഷനിൽ പരാതി കിട്ടിയിട്ടുള്ളതും ഇരുകക്ഷികളേയും സ്റ്റേഷനിൽ വിളിപ്പിച്ച് സംസാരിക്കുകയും എതിർകക്ഷിയുടെ പ്രായം പരിഗണിച്ച് പരാതിക്കാരന്റെ സാന്നിധ്യത്തിൽ ടിയാനെ ഉപദേശിച്ച് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി മര്യാദയ്ക്ക് ജീവിക്കുന്നതിന് പരാതിക്കാരനൊപ്പം പറഞ്ഞുവിടുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടിയാൻ പരാതിക്കാരനെയും ഭാര്യയെയും 6-11-2013 തീയതി 7 മണിക്ക് ശാരീരികമായി ഉപദ്രവിക്കുകയും അസഭ്യം പറയുകയും കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത കാര്യത്തിന് ശ്രീ. എൻ. കൃഷ്ണന്റെ ഭാര്യ 67 വയസ്സുള്ള ശ്രീമതി സരോജിനിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കുമിളി പോലീസ് സ്റ്റേഷൻ ക്രൈം 1380/13/U/s 249 (b) 506(ii) 323, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണത്തിൽ എതിർകക്ഷി കൃത്യം ചെയ്തിട്ടുള്ളതായി വെളിവായതിന്റെ

അടിസ്ഥാനത്തിൽ ടി വിഷ്ണുവിനെ 8-11-2013 തീയതി അറസ്റ്റ് ചെയ്ത് ജുവനൈൽ ജസ്റ്റിസ് ബോർഡ്, തൊടുപുഴയിൽ ഹാജരാക്കിയിട്ടുള്ളതും ജാമ്യക്കാർ ഇല്ലാത്തതിനാൽ കോട്ടയം, തിരുവഞ്ചൂർ ഒബ്സർവേഷൻ ഹോമിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. ഈ കേസ് അന്വേഷണം നടത്തി ചാർജ് 30-11-2013 തീയതി തൊടുപുഴ ജുവനൈൽ ജസ്റ്റിസ് ബോർഡ് (CJMC)-യിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. ടിയാനെ ഇപ്പോഴും തിരുവഞ്ചൂർ ഒബ്സർവേഷൻ സെന്ററിൽ പാർപ്പിച്ചുവരുന്നതുമാണ്".

## II. തദ്ദേശസ്വയംഭരണ വകുപ്പ്

(1) നിർദ്ധനയും ഭവനരഹിതയുമായ തനിക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി പാർവ്വതി അമ്മ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15266/സി.ഡബ്ല്യു.എസ്.സി1/11/നി.സെ.)

നിർദ്ധനയും ഭവനരഹിതയുമായ ഹർജിക്കാരിക്ക് താമസിക്കുന്നതിന് ഒരു സെന്റ് ഭൂമിപോലുമില്ലായെന്നും ഇതു സംബന്ധിച്ച് മുനിസിപ്പാലിറ്റിയിലെയും റവന്യൂവിലെയും ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും ആയതിനാൽ താമസിക്കുവാൻ ഒരു വീട് ലഭ്യമാക്കണമെന്നതുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഹർജിയിന്മേൽ നടപടി സ്വീകരിക്കുന്നതിലേക്കായി ഹർജിയുടെ പകർപ്പ് തൊടുപുഴ നഗരസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തതനുസരിച്ച് നിലവിൽ നഗരസഭയിൽ ഭവന നിർമ്മാണ പദ്ധതികളൊന്നും നിലവിലില്ലാത്തതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാനാകില്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ പുതുതായി ഏറ്റെടുക്കപ്പെടുന്ന ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതികളിൽ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ശ്രീമതി പാർവ്വതി അമ്മയെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുവാൻ തൊടുപുഴ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്".

(2) വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് നടപടിയാവശ്യപ്പെട്ട് ശ്രീ. ജോസഫ് മത്തായി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14000/സി.ഡബ്ല്യു.എസ്.സി1/12/നി.സെ.)

ഹർജിക്കാരൻ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനായി 27-6-2011-ൽ ഇടുക്കി നെടുംകണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ ബോധപൂർവ്വം പരിഗണിച്ചില്ലെന്നും ഹർജിക്കാരന്റെ വലത് കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട് വളരെ

പ്രയാസത്തിലാണെന്നും ആയതിനാൽ ഉപജീവനമാർഗ്ഗത്തിനായി വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"നെടുംകണ്ടം ഗ്രാമപഞ്ചായത്തിലെ ശ്രീ. ജോസഫ് മത്തായി, വേലനാത്ത്, ബഥേൽ, ഇടുക്കി എന്നയാൾ വാർദ്ധക്യകാല പെൻഷനുവേണ്ടി 21-2-2012-ൽ നൽകിയ അപേക്ഷയിന്മേൽ അന്വേഷണം നടത്തുകയും, പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടറുടെ F7-35781/12-ാം നമ്പർ ഉത്തരവ് പ്രകാരം 2012 ജൂലൈ മാസം മുതൽ 2014 സെപ്റ്റംബർ വരെയുള്ള പെൻഷൻ അദ്ദേഹത്തിന്റെ ID No. 105870200343 എന്ന നമ്പരിൽ നൽകിയിട്ടുണ്ട്".

(3) ഭവനനിർമ്മാണ ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സുന്ദരേശൻ ആശാരി, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14988/സി.ഡബ്ല്യൂ.എസ്.സി.2/2011/നി.സെ.)

ഹർജിക്കാരനും ഭാര്യയും താമസിച്ചുകൊണ്ടിരിക്കുന്ന വീട് താമസയോഗ്യമല്ലാതായതിനാൽ, ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് സാമ്പത്തികാനുകൂല്യം ലഭ്യമാക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഹർജി 31-8-2011-ന് തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ചു. റിപ്പോർട്ട് ലഭിക്കാത്തതിനാൽ സമിതി 15-10-2014-ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പ് 18-10-2014 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ആര്യങ്കോട് ഗ്രാമപഞ്ചായത്ത് നിവാസിയായ അമ്പലപ്പാറ, ചീനിവിള പുത്തൻവീട്ടിൽ ശ്രീ. സുന്ദരേശൻ ആശാരി 2011-12 വർഷത്തെ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലെ ഗുണഭോക്താവായി ഉൾപ്പെടുകയും ടിയാൾക്ക് ഭവന നിർമ്മാണത്തിനായി 75,000 രൂപ അനുവദിക്കുകയും, ടി തുകകൊണ്ട് ടിയാൻ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് എന്നും ആര്യങ്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്".

(4) പേമാരിയിലും കാറ്റിലും തകർന്ന വീടിന്റെ അറ്റകുറ്റപ്പണിക്ക് സാമ്പത്തിക സഹായം ആവശ്യപ്പെട്ട് ശ്രീ. ജി. ശിവശങ്കരപ്പിള്ള, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16916/സി.ഡബ്ല്യൂ.എസ്.സി2/2012/നി.സെ.)

നിർദ്ധനനായ ഹർജിക്കാരനും ഭാര്യയും താമസിച്ചിരുന്ന വീട് പേമാരിയും കാറ്റുംമൂലം തകർന്നുവെന്നും അതിന്റെ അറ്റകുറ്റപ്പണിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഹർജി 11-9-2012-ന് തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ചു. റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ 15-10-2014-ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും തെളിവെടുത്തു. പ്രസ്തുത വകുപ്പിൽ നിന്നും 18-10-2014 തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട കോട്ടവിള വാർഡിൽ താമസിക്കുന്ന ശ്രീ. ശിവശങ്കരപ്പിള്ള, കാരക്കാട് വീട്, പുതുക്കുളങ്ങര തെരുവ്, എന്നയാൾക്ക് 2012-13 സാമ്പത്തിക വർഷത്തിൽ ഭവന പുനരുദ്ധാരണം പദ്ധതിയിൽ ഉൾപ്പെടുത്തി 15,000 രൂപ സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ".

(5) വീട് നിർമ്മിക്കുവാൻ ധനസഹായം ആവശ്യപ്പെട്ട് ശ്രീമതി ലീലാ ഭാസ്കരൻ, ആലപ്പുഴ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19414/സി.ഡബ്ല്യൂ.എസ്.സി2/2013/നി.സെ.)

വിധവയും നിർദ്ധനയും രോഗിയുമായ ഹർജിക്കാരിക്ക് സ്വന്തംപേരിൽ വസ്തു ഇല്ലാത്തതിനാൽ ടിയാൾക്ക് വീട് അനുവദിച്ചുകിട്ടുന്നതിനുള്ള അപേക്ഷകൾ പാണാവള്ളി ഗ്രാമപഞ്ചായത്ത് നിരവധി തവണ നിരസിച്ചുവെന്നും എന്നാൽ ടിയാളുടെ ഭർത്താവിന് അവകാശപ്പെട്ട 9 സെന്റ് വസ്തു കൈമാറി കിട്ടിയതിനാൽ വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഹർജി 26-10-2013-ന് തദ്ദേശസ്വയംഭരണ വകുപ്പിന് അയയ്ക്കുകയും റിപ്പോർട്ട് ലഭിക്കാത്തതിനാൽ 15-10-2014-ന് വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. 14-10-2014 തീയതിയായി തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീമതി ലീലാ ഭാസ്കരൻ, ചിറയിൽവീട്, പാണാവള്ളി എന്നവർ പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ആശ്രയ-അഗതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും പഞ്ചായത്തിലെ 2013-14 സാമ്പത്തിക വർഷത്തെ ആശ്രയ ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് ആദ്യഗഡു തുക കൈമാറിയിട്ടുണ്ട് എന്നും പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്".

## III. സാമൂഹ്യനീതി വകുപ്പ്

(1) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീമതി കുഞ്ഞായി ലോനപ്പൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16103/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.)

മുതിർന്ന പൗരന്മാർക്ക് ഒരുമിച്ചുകൂടുന്നതിനായി 'പകൽവീട്' പോലുള്ള സംവിധാനം ഒരുക്കുക, പോഷകാഹാരവും വൈദ്യസഹായവും മരുന്നും ലഭ്യമാക്കുക, എ.പി.എൽ./ ബി.പി.എൽ. ഭേദമെന്യേ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക, അർഹരായവർക്കെല്ലാം വിധവാ പെൻഷൻ ലഭ്യമാക്കുക എന്നിവയാണ് ഹർജിയിലെ ആവശ്യങ്ങൾ. പ്രസ്തുത ഹർജി റിപ്പോർട്ടിനായി 25-6-2012-ന് സാമൂഹ്യനീതി വകുപ്പിനയയ്ക്കുകയും വകുപ്പ് 8-4-2013 തീയതിയായി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് 65 വയസിനുമുകളിൽ പ്രായമുള്ള ബി.പി.എൽ. ലിസ്റ്റിലുള്ള അർഹരായവർക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നുണ്ട്. 80 വയസ്സിനു മുകളിലുള്ളവർക്ക് 900 രൂപ നിരക്കിലാണ് പെൻഷൻ നൽകുന്നത്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടും, സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്നതും കേന്ദ്ര സർക്കാർ ധനസഹായത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പിനുകീഴിൽ എല്ലാ ജില്ലകളിലും വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ റേഷൻ കാർഡിൽ 600 രൂപയോ അതിനു താഴെയോ പ്രതിമാസ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളവരേയും തെരഞ്ഞെടുക്കപ്പെട്ട വിവിധ ക്ഷേമനിധി അംഗങ്ങളെയും/പെൻഷൻ വാങ്ങുന്നവരേയും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ 15 ദിവസം ജോലി ചെയ്തവരേയും പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ പരിരക്ഷ നൽകിവരുന്നുണ്ട്. കൂടാതെ വൃദ്ധസദനങ്ങളിലെ അന്തേവാസികളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൃദ്ധജനങ്ങൾ ഒറ്റപ്പെട്ടുവരുന്ന ഈ കാലഘട്ടത്തിൽ അവർക്ക് ഒത്തുകൂടുന്നതിനും അവരുടെ പ്രയാസങ്ങൾ ചർച്ച ചെയ്യുന്നതിനും പല പഞ്ചായത്തുകളും പകൽവീട്, വൃദ്ധസദനങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്തുവരുന്നുണ്ട്."

4-6-2013-ന് റിപ്പോർട്ട് പരിഗണിച്ച സമിതി, പരാതിയിൽ ആവശ്യപ്പെട്ട പ്രകാരം അർഹരായവർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ടോയെന്ന് സാമൂഹ്യനീതി വകുപ്പിനോട്

ആരാഞ്ഞു. ഇക്കാര്യത്തിൽ പ്രസ്തുത വകുപ്പിൽ നിന്നും 20-10-2014 തീയതിയായി ലഭിച്ച അധികവിവര റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

"ശ്രീമതി കുഞ്ഞായി ലോനപ്പൻ സമിതി മുമ്പാകെ സമർപ്പിച്ചിരുന്ന നിവേദനത്തിലെ അർഹരായവർക്ക് വിധവാ പെൻഷൻ ലഭ്യമാക്കുന്നുണ്ടോയെന്നുള്ള വിഷയം പരിശോധിക്കുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ മുഖേന അന്വേഷണം നടത്തിയതിൽ, വിധവാ പെൻഷനുള്ള അപേക്ഷകൾ സമയബന്ധിതമായി തീരുമാനമെടുത്ത് ഫണ്ട് ലഭിക്കുന്നമുറയ്ക്ക് വിതരണം ചെയ്തുവരുന്നുണ്ടെന്നുള്ള വിവരം അറിയിക്കുന്നു".

(2) വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ച് ശ്രീ. കെ. കെ. രാജൻ, ചേർത്തല സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 15427/സി.ഡബ്ല്യു.എസ്.സി1/13/നി.സെ.)

ഹർജിക്കാരൻ ചേർത്തല താലൂക്കിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ അനുവദിച്ച് ലഭിക്കുന്നതിന് 2004-2005 മുതൽ ഓരോ വർഷവും നിശ്ചിത അപേക്ഷാ ഫാറത്തിൽ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ഈ കാലയളവിൽ ഏഴ് പ്രാവശ്യം പെൻഷനുവേണ്ടി അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് പരിഗണിച്ചില്ലെന്നും ആയതിനാൽ തന്റെ അപേക്ഷ പരിഗണിച്ച് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"31-5-2012-ൽ ഹർജിക്കാരൻ വാർദ്ധക്യകാല പെൻഷനുവേണ്ടി സമർപ്പിച്ച അപേക്ഷ പ്രകാരം ടിയാന് 6/2012 മുതൽ പെൻഷൻ അനുവദിക്കുന്നതിന് തീരുമാനമാകുകയും ആയതിൻ പ്രകാരം 1-1-2013 മുതൽ ടിയാന് പെൻഷൻ അനുവദിക്കുകയും തുടർന്ന് പെൻഷൻ തുക ടിയാൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്നും പെൻഷൻ അനുവദിച്ച 6/12 മുതൽ 12/12 വരെയുള്ള പെൻഷൻ കുടിശ്ശിക ശ്രീ. കെ. കെ. രാജന് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു".

## IV. ഭക്ഷ്യപൊതുവിതരണ വകുപ്പ്

(1) ബി.പി.എൽ. റേഷൻകാർഡ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എൻ. ശങ്കരനാരായണൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15796/ സി.ഡബ്ല്യൂ.എസ്.സി 2/2012/നി.സെ.)

രോഗിയും നിർദ്ധനനുമായ ഹർജിക്കാരന് ലഭിച്ച എ.പി.എൽ. റേഷൻ കാർഡിന് പകരം ബി.പി.എൽ. റേഷൻ കാർഡ് ലഭ്യമാക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഹർജി 18-6-2012-ന് ഭക്ഷ്യപൊതുവിതരണ വകുപ്പിന് അയയ്ക്കുകയുണ്ടായി. പ്രസ്തുത വകുപ്പ് 11-2-2014 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശങ്കരനാരായണന്റെ ജീവിതസാഹചര്യം കണക്കിലെടുത്ത് ടിയാന്റെ 1841216548-ാം നമ്പർ എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. ആക്കി മാറ്റാൻ തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ടിയാനെ 27-4-2012-ലെ സ.ഉ. (കൈ.) 112/12/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ടിയാന്റെ അപേക്ഷ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന് കൈമാറിയിട്ടുമുണ്ട്. പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുമ്പോൾ ടിയാനെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതും ആയതിനുവേണ്ട നിർദ്ദേശങ്ങളും തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകിയിട്ടുണ്ട്".

റ്റി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

അനുബന്ധം I

## ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | ഹർജി വിഷയവും ഫയൽ നമ്പരും |
|---|---|
| 1 | 2 |
| 1 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് സ്വന്തമായി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ചെറിയാൻ തോട്ടുങ്കൽ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 11691/സി.ഡബ്ല്യു.എസ്.സി.1/2011/നി.സെ.) |
| 2 | മുതിർന്ന പൗരൻമാർക്ക് ബസ്സിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ മറ്റ് യാത്രക്കാർ ഉപയോഗിക്കുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. സി. പത്മനാഭൻ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 11706/സി.ഡബ്ല്യു.എസ്.സി. 1/2011/നി.സെ.) |
| 3 | ഹർജിക്കാരൻമായി പിണങ്ങി പിരിഞ്ഞുനിൽക്കുന്ന ഭാര്യ ടിയാന്റെ വസ്തു അന്യായമായി കൈവശപ്പെടുത്തിയതിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അനന്തകൃഷ്ണൻ നായർ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 11708/സി.ഡബ്ല്യു.എസ്.സി. 1/2011/നി.സെ.) |
| 4 | അയൽവാസികളുടെ അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. വി. രാമകൃഷ്ണൻ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 11753/സി.ഡബ്ല്യു.എസ്.സി 1/2011/നി.സെ.) |
| 5 | 70 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യയാത്ര അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ആന്റണി നെടുംപറമ്പിൽ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 11860/സി.ഡബ്ല്യു.എസ്.സി. 1/2011/നി.സെ.) |
| 6 | ധനകാര്യ സ്ഥാപനത്തിൽ നിക്ഷേപിച്ച തുക തിരികെ നൽകാത്ത സ്ഥാപന ഉടമയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുഗതൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 12141/സി.ഡബ്ല്യു.എസ്.സി. 1/2013/നി.സെ.) |

| 1 | 2 |
|---|---|
| 7 | മുതിർന്ന പൗരൻമാർക്ക് ചികിത്സ ലഭിക്കുന്നതിന് പ്രൈവറ്റ്/സർക്കാർ ആശുപത്രികളിൽ മുൻഗണന നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. ബാബുസേനൻ സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 20721/സി.ഡബ്ല്യു.എസ്.സി. 1/2012/നി.സെ.) |
| 8 | മരുമകളുടെ പീഡനങ്ങളിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീമതി പി. ജി. ലീല സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 12893/സി.ഡബ്ല്യു.എസ്.സി 1/2013/നി.സെ.) |
| 9 | ശമ്പളം നിർണ്ണയിച്ചതിലുള്ള അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ആർ. രാജേന്ദ്രൻപിള്ള സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 17288/സി.ഡബ്ല്യു.എസ്.സി .1/2013/നി.സെ.) |
| 10 | സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. കെ. മേനോൻ സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 17452/സി.ഡബ്ല്യു.എസ്.സി. 1/2013/നി.സെ.) |
| 11 | സ്വന്തമായി വീട് ഇല്ലാത്തതിനാൽ ഭാര്യയുടെ തറവാട് സ്വത്തിൽ വീട് നിർമ്മിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുകുമാരൻ, മലപ്പുറം സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 12368/സി.ഡബ്ല്യു.എസ്.സി. 2/2011/നി.സെ.) |
| 12 | സഹോദരന്റെ ഭാര്യ കുടുംബസ്വത്ത് നിയമവിരുദ്ധമായി വിൽക്കാൻ ശ്രമിക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് ശ്രീ. രാജൻ തോമസ്, കൊല്ലം സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 14506/സി.ഡബ്ല്യു.എസ്.സി. 2/2011/നി.സെ.) |
| 13 | തന്റെ പ്രമാണത്തിലുള്ളതും കൈവശമുള്ളതുമായ വസ്തുക്കളുടെ പോക്കുവരവ് പരിശോധിച്ച് സർവ്വേയിൽവന്ന പിശക് തിരുത്തി ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ആർ. പ്രഭാകരപിള്ള, കൊല്ലം സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 15321/സി.ഡബ്ല്യു.എസ്.സി. 2/2011/നി.സെ.) |
| 14 | ബുധനൂർ ഗ്രാമപഞ്ചായത്തിൽ നടത്തിവന്നിരുന്ന ആയുർവേദ മെഡിക്കൽ ക്യാമ്പ് പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. ഡി. ഗോപിനാഥൻ പിള്ള, ആലപ്പുഴ സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 16672/സി.ഡബ്ല്യു.എസ്.സി. 2/2011/നി.സെ.) |

| 1 | 2 |
|---|---|
| 15 | എല്ലാവിഭാഗം പെൻഷൻകാർക്കും തുല്യമായ പെൻഷൻ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. രാമദാസ്, പാലക്കാട് സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 17151/സി.ഡബ്ല്യു.എസ്.സി. 2/2011/നി.സെ.) |
| 16 | വസ്തുവിന്റെ സംരക്ഷണത്തിനനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ശ്രീ. പി. എ. കൃഷ്ണ പൊതുവാൾ, എറണാകുളം സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 17490/സി.ഡബ്ല്യു.എസ്.സി. 2/2011/നി.സെ.) |
| 17 | പഞ്ചായത്ത് ഓഫീസ് മുകൾനിലയിൽനിന്നും താഴത്തെ നിലയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. കാരാത്ത് ബാലൻ, പാലക്കാട് സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 17220/സി.ഡബ്ല്യു.എസ്.സി. 2/2012/നി.സെ.) |
| 18 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സീനിയർ സിറ്റിസൺസ് സർവ്വീസ് സൊസൈറ്റി, തിരുവനന്തപുരം സെക്രട്ടറിയും പ്രസിഡന്റും സംയുക്തമായി സമർപ്പിച്ച നിവേദനം. (ഫയൽ നമ്പർ 11433/സി.ഡബ്ല്യു.എസ്.സി. 2/2013/നി.സെ.) |
| 19 | ഹർജിക്കാരിക്കും ബുദ്ധിമാന്ദ്യമുള്ള മകൾക്കും മറ്റ് രണ്ട് പെൺമക്കളിൽ നിന്നും സംരക്ഷണവും സാമ്പത്തിക സഹായവും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സരസമ്മ, തിരുവനന്തപുരം സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 13371/സി.ഡബ്ല്യു.എസ്.സി 2/2013/നി.സെ.) |
| 20 | മകന്റെയും മരുമകളുടെയും പേരിൽ കൊടുത്ത ദാനാധാരം റദ്ദ് ചെയ്യുന്നതിനായി ശ്രീ. രാമദാസ്, പാലക്കാട് സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 17094/സി.ഡബ്ല്യു.എസ്.സി. 2/2013/നി.സെ.) |
